Draft #1 of File 33533/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 09-Oct-2019 07:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ 2020 -21 അക്കാദമിക വർഷത്തിലേക്ക് ഓൺലൈൻ ആയി നടത്തുന്നതുമായും ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുമായി രൂപീകരിച്ച കമ്മറ്റിയുടെ ചെയർമാൻ ആയി രജിസ്ട്രാർനെയും അംഗമായി ഡോ. പി.ആർ ബിജു (S.P.A.P) നെയും നാമനിർദേശം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4784/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.10.2019

---

പരാമർശം:-(1) യു.ഒ. നമ്പർ 3956/ACB 7/2019 തീയതി 16.08.2019

(2) ഡോ. കെ. ജയചന്ദ്രൻ, പ്രൊഫെസ്സർ (സ്കൂൾ ഓഫ് ബയോസയൻസസ്) 26.08.2019 ന് ബഹു: വൈസ് ചാൻസലർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷ.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ അടുത്ത അധ്യയന വർഷം മുതൽ ഓൺലൈൻ ആയി നടത്തുന്നതുമായി ബന്ധപ്പെട്ടുള്ള വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാൻ രൂപീകരിച്ച കമ്മറ്റിയുടെ ചെയർമാൻ ആയി ഡോ. ജയചന്ദ്രൻ കെ., സിൻഡിക്കേറ്റ് അംഗം (സ്കൂൾ ഓഫ് ബയോസയൻസസ്) നെ നാമനിർദേശം ചെയ്തുകൊണ്ട് മേൽ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നിലവിൽ വഹിച്ചുകൊണ്ടിരിക്കുന്ന അധിക ചുമതലകൾ മൂലം പ്രസ്തുത കമ്മറ്റിയുടെ ചെയർമാൻ സ്ഥാനം വഹിക്കുവാൻ അസൗകര്യം അറിയിച്ചുകൊണ്ട് ഡോ. ജയചന്ദ്രൻ കെ., സിൻഡിക്കേറ്റ് അംഗം (സ്കൂൾ ഓഫ് ബയോസയൻസസ്) മേൽ പരാമർശം (2) പ്രകാരം കത്തിലൂടെ അറിയിച്ചിരുന്നു. ഇത് പരിഗണിച്ച ബഹു: വൈസ് ചാൻസലർ ഡോ. ജയചന്ദ്രൻ കെ. സിൻഡിക്കേറ്റ് അംഗം (സ്കൂൾ ഓഫ് ബയോസയൻസസ്) ന് പകരം രജിസ്ട്രാർ നെ കമ്മറ്റിയുടെ ചെയർമാനായും ഡോ.പി.ആർ. ബിജു, അസോസിയേറ്റ്. പ്രൊഫസ്സർ , (S. P. A .P.) നെ പ്രസ്തുത കമ്മറ്റിയുടെ അംഗമായും നാമനിർദേശം ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1. ഡോ. ജയചന്ദ്രൻ (സ്കൂൾ ഓഫ് ബയോസയൻസസ്)
2. ഡോ . പി.ആർ. ബിജു (അസോ .പ്രൊഫ., S.P.A .P.)
3. വൈസ് ചാൻസലർ / പ്രൊ.വൈസ് ചാൻസിലർ എന്നിവരുടെ ടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാറുടെ പി.എ, കമ്മറ്റി അംഗങ്ങൾ
5. ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
6. ഫയൽ കോപ്പി

Draft #1 of File 33533/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 09-Oct-2019 07:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം